# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 472 — 06.02.2014-ൽ മറുപടിക്ക്

### ഗുണനിലവാരം കുറഞ്ഞ പെയിന്റ് വാങ്ങിയതിലൂടെ കെ.എസ്.ആർ.ടി.സിക്കുണ്ടായ നഷ്ടം

**ചോദ്യം**

ശ്രീ. കെ. രാജു :
" പി. തിലോത്തമൻ :
" ജി. എസ്. ജയലാൽ :
" വി. ശശി :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗുണനിലവാരം കുറഞ്ഞ പെയിന്റ് വാങ്ങിയ വകയിൽ കെ.എസ്.ആർ.ടി.സിക്ക് വൻ നഷ്ടം നേരിട്ടതായി വിജിലൻസ് റിപ്പോർട്ട് ഉണ്ടായിട്ടുണ്ടോ ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വിജിലൻസ് ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പെയിന്റ് വാങ്ങിയതിലൂടെ കഴിഞ്ഞ രണ്ടരവർഷത്തിനിടയിൽ എത്ര നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ ദർഘാസുകൾ ക്ഷണിച്ചാണ് എല്ലാത്തരം പെയിന്റുകളും വാങ്ങുന്നത്. പെയിന്റിന്റെ സാമ്പിൾ ദർഘാസിനോടൊപ്പം സ്വീകരിക്കുകയും ദർഘാസിൽ യോഗ്യത നേടിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സാമ്പിളുകളുടെ ഗുണനിലവാരം ചീഫ് സ്റ്റോറിലെ സാമ്പിൾ പരിശോധന കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നു. അനുയോജ്യമായ സാമ്പിൾ സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്ത വില താരതമ്യം ചെയ്ത് ഏറ്റവും വില കുറവ് വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുമാണ് പെയിന്റ് വാങ്ങുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നത്. വിതരണ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ചീഫ് സ്റ്റോറിൽ ലഭിക്കുന്ന പെയിന്റിൽ നിന്നും റാൻഡം സാമ്പിൾ എടുത്ത് വീണ്ടും പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കി മാത്ര |

| | | | |
|---|---|---|---|
| | | | മാണ് സ്വീകരിക്കുന്നത്. എന്നാൽ ഗുണ നിലവാരം കുറഞ്ഞ പെയിന്റ് വാങ്ങിയതു മൂലം കോർപ്പറേഷൻ സാമ്പത്തിക നഷ്ടം ഉണ്ടായതായുള്ള കെ.എസ്.ആർ.ടി.സി വിജിലൻസ് വിഭാഗത്തിന്റെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചതിനെ തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുഖേന ഇക്കാര്യത്തിൽ അന്വേഷണത്തിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) | കോർപ്പറേഷൻ വാങ്ങുന്ന പെയിന്റിന്റെ ടിന്നിൽ നിർമ്മാണ തീയതി, കാലാവധി, ബാച്ച് നമ്പർ, വില എന്നിവ രേഖപ്പെടുത്തിയിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; | (സി) | കോർപ്പറേഷൻ വാങ്ങുന്ന പെയിന്റിന്റെ ടിന്നിൽ നിർമ്മാണ തീയതി, ബാച്ച് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാലാവധി, വില ഇവ രേഖപ്പെടുത്തിയിട്ടില്ല. Bureau of Indian Standards [BIS] മാനദണ്ഡമനുസരിച്ച് പെയിന്റ് ടിന്നിനു പുറത്ത്<br>a. Name and type of the material<br>b. Indication of the source of manufacture<br>c. Volume of the material<br>d. Lot number or branch number in code or otherwise<br>e. Month and year of manufacture<br>എന്നീ വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കെ.എസ്.ആർ. ടി.സി വാങ്ങുന്ന പെയിന്റ് ടിന്നുകളുടെ പുറത്ത് പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാലാവധി, വില എന്നിവ രേഖപ്പെടുത്തണമെന്ന് BIS നിഷ്കർഷിച്ചില്ല. |
| (ഡി) | പെയിന്റിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് കോർപ്പറേഷനിൽ എന്തെല്ലാം സാങ്കേതിക സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ഡി) | പെയിന്റിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പാപ്പനംകോടുള്ള ചീഫ് സ്റ്റോറിനോടനുബന്ധിച്ച് താഴെപ്പറയുന്ന പരിശോധന സാമഗ്രികൾ സജ്ജീകരിച്ചിട്ടുണ്ട്.<br>1). ഫോർഡ് കപ്പ് നമ്പർ. 4 |

| | | | |
|---|---|---|---|
| | | | 2). സ്റ്റോപ്പ് ക്ലോക്ക്<br>3). സെപ്പറേറ്റിംഗ് ഫണൽ<br>4). കാലിബ്രേറ്റഡ് സിലിണ്ടർ ബൗൾ<br>5). ഹൈഡ്രോമീറ്റർ<br>6). തുലാസ് - ഡിജിറ്റൽ ടൈപ്പ് - 100 മില്ലി ഗ്രാം, 200 മില്ലിഗ്രാം തൂക്കം അളക്കുന്നതിന്.<br>7). ഹെവി ഡ്യൂട്ടി തുലാസ് - 300 കിലോ ഗ്രാം, 500 കിലോഗ്രാം, 1000 കിലോ ഗ്രാം അളക്കുന്നതിന്.<br>ഫോർഡ് കപ്പ് നമ്പർ 4-ഉം സ്റ്റോപ്പ് ക്ലോക്കും ഉപയോഗിച്ച് പെയിന്റിന്റെ വിസ്ക്കോസിറ്റി അളക്കുന്നതിനും സെപ്പ റേറ്റിംഗ് ഫണൽ, കാലിബ്രേറ്റഡ് സിലിണ്ടർ ബൗൾ, ഡിജിറ്റൽ ടൈപ്പ് തുലാസ് എന്നിവ പെയിന്റിന്റെ Mass per Volume അളക്കുന്നതിനും ഉപയോഗിക്കുന്നു. ഹെവിഡ്യൂട്ടി തുലാസ് ഉപയോഗിച്ച് പെയിന്റ് ചീഫ് സ്റ്റോറിൽ സ്വീകരിക്കു മ്പോൾ തൂക്കം ടിൻ ഉൾപ്പടെ അളക്കുന്നു.<br>Corrosion test ചെയ്യുന്നതിനുള്ള ആസിഡ്, ആൽക്കലി എന്നിവയുടെ ആപേക്ഷിക സാന്ദ്രത അളക്കുന്നതിന് ഹൈഡ്രോ മീറ്റർ ഉപയോഗിക്കുന്നു. |
| (ഇ) | ഒരു ബസ്സിന് ചായം പൂശാൻ എത്ര ലിറ്റർ പെയിന്റാണ് ഉപയോഗിച്ചിരുന്നത് ; ഇപ്പോൾ എത്ര ലിറ്റർ പെയിന്റ് ഉപയോഗിക്കുന്നുവെന്ന് അറിയിക്കുമോ ? | (ഇ) | പുതിയ സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസുകളിൽ പെയിന്റ് പൂശുന്നതിന് വിവിധ നിറത്തിലുള്ള 28.5 ലിറ്റർ പെയിന്റ് ഉപയോഗിച്ചിരുന്നു. ഇപ്പോഴും 28.5 ലിറ്റർ പെയിന്റാണ് ഉപയോഗിക്കുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ